ജയിലുകളിലെ സുരക്ഷാ ക്രമീകരണങ്ങൾ

88 (1643) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ ജയിൽ നിയമമനുസരിച്ചുള്ള വ്യവസ്ഥകൾ ജയിലുകളിൽ നടപ്പിലാക്കിയിട്ടുണ്ടോ :

(ബി) ജയിലുകളിലെ സുരക്ഷാ ക്രമീകരണങ്ങൾ കുറ്റമറ്റതും കൂടുതൽ കാര്യക്ഷമവുമാക്കാനും എന്തൊക്കെ പുതിയ സംവിധാനങ്ങളാണ് ഈ വർഷം ഏർപ്പെടുത്തിയതെന്ന് വെളിപ്പെടുത്തുമോ :

(സി) ജയിലുകളിലെ സുരക്ഷാ ക്രമീകരണങ്ങൾ നിരീക്ഷിക്കാനുള്ള സൂക്ഷ്മ നിരീക്ഷണ സംവിധാനങ്ങൾ (Surveillance system)ഏതൊക്കെ ജയിലുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട് :

(ഡി) ഈ വർഷം ഈ സംവിധാനം എവിടെയൊക്കെ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ജയിലുകളിലെ സുരക്ഷാ ക്രമീകരണങ്ങൾ കുറ്റമറ്റതാക്കുന്നതിനായി താഴെപറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

1. തടവുകാരുടെ ബാഹുല്യം കുറയ്ക്കുന്നതിനായി പുതിയ ജയിലുകൾ സ്ഥാപിക്കുകയും നിലവിലുള്ള ജയിലുകളിൽ പുതിയ ബാരക്കുകളും ബ്ലോക്കുകളും നിർമ്മിക്കുകയും ചെയ്തു.
2. കണ്ണൂർ, തിരുവനന്തപുരം സെൻട്രൽ ജയിലുകളിൽ, തടവുകാരുടെ ജയിലിനകത്തെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി അതീവ ജാഗ്രതാ രക്ഷാ സംവിധാനം ഏർപ്പെടുത്തി.
3. തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ ജയിലുകളേയും കോടതികളേയും ബന്ധിപ്പിച്ചു കൊണ്ട് വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തി.
4. കണ്ണൂർ സെൻട്രൽ ജയിലിൽ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതു തടയുന്നതിനായി മൊബൈൽ ഫോൺ ജാമർ സ്ഥാപിച്ചു.

(സി) കണ്ണൂർ സെൻട്രൽ ജയിലിലും തിരുവനന്തപുരം സെൻട്രൽ ജയിലിലും സൂക്ഷ്മ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) മറ്റു ജയിലുകളിൽ ഈ വർഷം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly